# മഹാസന്തോഷം

## ലൂക്കോസ് 2:10–11

"ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു."

വീണ്ടും ഒരു ക്രിസ്തുമസ് രാവ് കൂടി വന്നണഞ്ഞിരിക്കുന്നു. ലോകം മുഴുവൻ സന്തോഷത്തിന്റെ നിമിഷങ്ങൾ പങ്കുവെയ്ക്കുന്നു. എല്ലാവരും ആഘോഷങ്ങൾക്കായി സന്തോഷത്തോടെ സമയം ചിലവാക്കുന്നു. കർത്താവിന്റെ ജനനം സർവ്വജനത്തിനും വേണ്ടിയുള്ള മഹാസന്തോഷമാണെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നാൽ ഇന്ന് ക്രിസ്തുവിനെ കൂടാതെയുള്ള ഒരു സന്തോഷമല്ലേ ലോകം മുഴുവൻ ആഘോഷിക്കപ്പെടുന്നത്.

സാക്ഷാൽ ദൈവമായവൻ തന്റെ സമത്വം മുറുകെ പിടിക്കാതെ ഒരു ശിശുവായി കാലിത്തൊഴുത്തിൽ വന്നു പിറന്നതിനെയാണ് നാം ക്രിസ്തുമസ് എന്ന് വിളിക്കുന്നത്. എന്നാൽ ഈ വരവിന്റെ ആത്യന്തികമായ ഉദ്ദേശ്യമോ, ലക്ഷ്യമോ ഒന്നും ഇന്നും ആർക്കും അറിയില്ല. അറിയാമെങ്കിൽ പോലും അതിനൊന്നും ഒരു പ്രാധാന്യവും ഇല്ല. എന്റെ രക്ഷയ്ക്കായി വന്നു പിറന്നവനെ വ്യക്തിപരമായി ഒന്നു കാണാൻ പോലും സമയമില്ലാതെ നാം ഓടുന്നു. വിലകൂടിയ പുൽക്കൂടുകൾ, മനോഹരമായ നക്ഷത്ര വിളക്കുകൾ അങ്ങനെ എല്ലാം വളരെ മനോഹാരിത ഉള്ളതാക്കി മാറ്റാൻ നാം ഓടുന്നു. എന്തിനേറെ, അതിനായി മത്സരിക്കുക കൂടി ചെയ്യുന്നു.

വാസ്തവത്തിൽ ഈ മഹാസന്തോഷം എന്ന് പറയുന്നത് എന്താണ്? ഇതാണോ സർവ്വജനത്തിന്റെയും മഹാസന്തോഷം എന്നു പറയുന്നത്? അല്ല, ഏദൻ തോട്ടത്തിൽ വച്ച് ആദിമാതാപിതാക്കൾ പാപം ചെയ്തപ്പോൾ നഷ്ടപ്പെട്ട പറുദീസയുടെ അനുഭവവും, ജീവവൃക്ഷത്തിന്റെ ഫലവും, സ്വർഗ്ഗീയ കൂട്ടായ്മയും എനിക്ക് മടക്കി തരുവാൻ അവതരിച്ച ദൈവത്തിന്റെ സ്നേഹമാണ് ക്രിസ്തുമസ്. എന്റെ രക്ഷകൻ എന്റെ ഉള്ളിൽ പിറക്കുന്ന അനുഭവമാണ് യഥാർത്ഥ ക്രിസ്തുമസ്. അത് ആദ്യം എന്നെയും പിന്നീട് മറ്റുള്ളവരേയും രക്ഷയിലേക്ക് നയിക്കാനുള്ള പ്രചോദനവും നൽകുന്നതാണ്.

അങ്ങനെയെങ്കിൽ ഈ ക്രിസ്തുമസ് ഒരു വ്യത്യസ്ത അനുഭവമാക്കുവാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. സർവ്വലോകത്തിനും വേണ്ടി കടന്നുവന്നവനെ വ്യക്തിപരമായി ഏറ്റെടുക്കാം. ദൈവം വിദ്വാന്മാർക്കും ആട്ടിടയന്മാർക്കും ഒരു അടയാളം കാണിച്ചു

കൊടുത്തു കൊണ്ട് രക്ഷകന്റെ അടുത്തേക്ക് അവരെ നയിച്ചു. അടയാളം നോക്കി നടന്നതു കൊണ്ട് അവർക്ക് അവനെ കാണാനും സാധിച്ചു. നമ്മുടെ ജീവിതത്തിലും ഇതുപോലെ ഓരോ അടയാളങ്ങൾ ദൈവം തരും, അതിനെ പിൻചെന്നു കൊണ്ട് രക്ഷകന്റെ അടുത്തേക്ക് നടന്നു നീങ്ങാം. അവന്റെ മുമ്പിൽ നമ്മെ തന്നെ കാഴ്ച വെയ്ക്കുന്ന ഒരു അനുഭവമുണ്ടാവാനായി പ്രാർത്ഥിക്കാം. ദൈവീക വെളിച്ചം എന്നിൽ നക്ഷത്രങ്ങൾ പോലെ പ്രകാശിക്കാനായി പ്രാർത്ഥിക്കം. ബാഹ്യമായ പുൽക്കൂട്ടിൽ അല്ല, എന്റെ ഹൃദയമാകുന്ന പുൽക്കൂട്ടിൽ രക്ഷകൻ പിറക്കുന്ന ഒരു അനുഭവം ഉണ്ടാവാനായി പ്രാർത്ഥിക്കാം. അതിനായി ഹൃദയത്തെ ഒരുക്കാം.

പരാമർശം:

ലൂക്കോസ് 2:30–31

ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായി യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 076